പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം: 581 10/07/2012-ൽ മറുപടിക്ക്

## ഓൺലൈനായി ജനന-മരണ സർട്ടിഫിക്കറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി:<br>ശ്രീ.വി.ഡി.സതീശൻ:<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ:<br>ശ്രീ.എ.റ്റി.ജോർജ്: | | **ഡോ.എം.കെ. മുനീർ**<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | പഞ്ചായത്തുകളിൽ നിന്നുള്ള ജനന-മരണ സർട്ടിഫിക്കറ്റുകൾ ഓൺ ലൈനായി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ജനന-മരണ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം 782 ഗ്രാമപഞ്ചായത്തുകളിലും 60 മുനിസിപ്പാലിറ്റികളിലും, 5 കോർപ്പറേഷനിലും, ഒരു കന്റോൺമെന്റിലും നിലവിലുണ്ട്. ആയത് www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. BSNL-VPN Connectivity ലഭിക്കാത്ത ഏതാനും ഗ്രാമപഞ്ചായത്തുകളിലാണ് ഈ സൗകര്യം നിലവിലില്ലാത്തത്. |
| (ബി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ബി) | ജനന-മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിലും കൂടി ഓൺലൈനായി ലഭ്യമാക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായവും നിർദ്ദേശങ്ങളും ഇൻഫർമേഷൻ കേരള മിഷൻ നൽകി വരുന്നു. ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ (കമ്പ്യൂട്ടറുകളും നെറ്റ്വർക്കിംഗും) ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുമായും, KSWAN/VPN ഉപയോഗിച്ച് സ്റ്റേറ്റ് ഡാറ്റാ സെന്ററും ഗ്രാമ പഞ്ചായത്തുകളുമായി കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിന് ഐ.ടിമിഷൻ/ ബി.എസ്.എൻ.എൽ എന്നിവയുമായും ഉള്ള ഏകോപന പ്രവർത്തനങ്ങളും ഐ.കെ.എം നടത്തി വരുന്നു. പുരോഗതി അവലോകനം ചെയ്ത് പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകളും ഉപരി ഓഫീസുകളുമായും ബന്ധപ്പെട്ട് പ്രവർത്തനം നടത്തിവരുന്നു. |

സെക്ഷൻ ആഫീസർ